(സി) പ്രതിയ്ക്ക് ഒളിവിൽ കഴിയാൻ മുറി എടുത്ത് നൽകിയ ആളിനേയും, വാഹനം സംഘടിപ്പിച്ച് നൽകിയ ആളിനേയും സംബന്ധിച്ച് പോലീസിന് വിവരം ലഭിച്ചിട്ടുണ്ടായിരുന്നുവോ ; ഇവർ രണ്ട് പേരെയും പോലീസ് അറസ്റ്റ് ചെയ്യുകയുണ്ടായോ ; ഇവർ ആരൊക്കെയായിരുന്നു ;ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായി ബന്ധപ്പെട്ടവർ ആണോ ; എങ്കിൽ ഏത് പാർട്ടി ;

(ഡി) പ്രതിയ്ക്ക് ഒളിവിൽ കഴിയാൻ സൗകര്യം ഒരുക്കിയ ആർക്കെല്ലാം എതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഒളിക്യാമറ അനാശാസ്യ തട്ടിപ്പ് സംഘത്തിലെ പ്രതി ജയചന്ദ്രനെ തിരുവനന്തപുരം പാറശ്ശാല ഭാഗത്തുനിന്നും 24-7-2014-ാം തീയതി കൂട്ടിക്കൊണ്ടുവന്ന് എറണാകുളം ഠൗൺ നോർത്ത് സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസിൽ എത്തിച്ച് അന്നേ ദിവസം വൈകിട്ട് 9.40 മണിക്ക് അറസ്റ്റ് രേഖപ്പെടുത്തിയിട്ടുള്ളതാകുന്നു.

(ബി) തിരുവനന്തപുരം വഞ്ചിയൂർ കൈതമുക്കിലുള്ള ബി.ആർ.ജി. ടവ്വേഴ്സ് എന്ന ലോഡ്ജിൽ ജയചന്ദ്രന്റെ പേരിൽ എടുത്ത 10-ാം നമ്പർ മുറിയിലാണ് ഒളിവിൽ കഴിഞ്ഞിരുന്നത്.

(സി) വിവരം ലഭിച്ചിട്ടുണ്ടായിരുന്നു. പ്രതി ജയചന്ദ്രന് സഹായം നൽകിയവരെന്ന് സംശയിക്കപ്പെട്ടവരെ ചോദ്യം ചെയ്തിട്ടുണ്ടായിരുന്നു എന്നാൽ അറസ്റ്റ് ചെയ്തിട്ടില്ല. പ്രതി ജയചന്ദ്രൻ താമസിച്ചിരുന്ന ടി ലോഡ്ജിൽ ഉടമസ്ഥനായ അജയകമാർ (തിരുവാതിര വീട്, അത്താണി, കൈതമുക്ക്, തിരുവനന്തപുരം) എന്നയാളും വാഹനത്തിന്റെ ഉടമസ്ഥനായ ജോഷി (കൃപഭവൻ, ചെക്കാലവിള, നെയ്യാറ്റിൻകര, തിരുവനന്തപുരം) എന്നയാളുമാണ്. ഇവർ ഏതെങ്കിലും രാഷ്ട്രീയ പാർട്ടി പ്രവർത്തകരാണോ എന്നുള്ള വിവരം അറിവായിട്ടില്ല.

(ഡി) പ്രതിയെ ഒളിവിൽ കഴിയാൻ സഹായിച്ചവർക്കെതിരെ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

മന്ത്രിമാർക്കും ഉന്നത ഉദ്യോഗസ്ഥർക്കും എതിരെയുള്ള അഴിമതി ആരോപണങ്ങൾ

258 (260) ശ്രീ. എ. കെ. ബാലൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ മന്ത്രിമാർക്കും ഉന്നത ഉദ്യോഗസ്ഥന്മാർക്കും എതിരെ കോഴ ആരോപണങ്ങളും ആക്ഷേപങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലും അഴിമതി നിരോധനത്തിനായുള്ള വിജിലൻസ് സംവിധാനം കുത്തഴിഞ്ഞ നിലയിലായിരിക്കുന്നുഎന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സാഹചര്യത്തിൽ കോഴ ആരോപണങ്ങൾ സംബന്ധിച്ച് സത്യസന്ധവും നിയമാനുസൃതവുമായ അന്വേഷണം ഉറപ്പാക്കാൻ എന്ത് നിലയിലുള്ള നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; ഈ സർക്കാരിന്റെ കാലത്ത് ഭരണരംഗത്തുള്ളവർക്കെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളിലും വെളിപ്പെടുത്തലുകളിലും പ്രഥമദൃഷ്ട്യാ കഴം പ്രകടമായിട്ടും എഫ്.ഐ.ആർ. ഇടുന്നതിന് പോലും വിജിലൻസ് ഉദ്യോഗസ്ഥന്മാർ മനഃപൂർവ്വമായി വീഴ്ച വരുത്തിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ശരിയായ വിധത്തിൽ അന്വേഷണം നടത്താതിരിക്കുന്ന സാഹചര്യത്തിൽ ജുഡീഷ്യറിയുടെ ഇടപെടൽ ഉണ്ടായിട്ടുണ്ടോ ; ബാർകോഴ കേസിൽ ഹൈക്കോടതി ആവശ്യപ്പെട്ട വസ്തുതകൾ യഥാസമയം കോടതിയെ അറിയിച്ചിട്ടുണ്ടോ ;

(ഡി) സ്വാഭാവിക നീതിന്യായ പ്രക്രിയയെ ദുർബ്ബലപ്പെടുത്താനുള്ള നീക്കങ്ങൾ അവസാനിപ്പിക്കാൻ തയ്യാറാകുമോ ;

(ഇ) ക്വാറി ഉടമയിൽനിന്ന് കൈക്കൂലി വാങ്ങിയെന്ന ആരോപണത്തിന് വിധേയനായ സൂപ്രണ്ട് ഓഫ് പോലീസ് രാഹുൽ. ആർ. നായർ, എ.ഡി.ജി.പി. ഐ.ജി. റാങ്കുകളിൽ പ്രവർത്തിക്കുന്ന രണ്ട് ഉന്നത ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് ഡയറക്ടർക്ക് മൊഴി നൽകിയതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(എഫ്) ശ്രീ. രാഹുൽ ആർ. നായർക്കെതിരെ ക്വാറി ഉടമ നൽകിയ മൊഴിയുടെയും ശ്രീ. രാഹുൽ ആർ. നായർ ഉന്നത ഉദ്യോഗസ്ഥന്മാർക്ക്എതിരെ നൽകിയ മൊഴിയുടെയും അടിസ്ഥാനത്തിൽ സ്വീകരിക്കപ്പെട്ട നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഇത്തരത്തിൽ ഒരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അഴിമതിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കാര്യക്ഷമമായും നിയമാനുസൃതമായും ആണ് പ്രവർത്തിക്കുന്നത്.

(ബി) കോഴ സംബന്ധിച്ചുള്ള ആരോപണങ്ങൾ സത്യസന്ധമായും വസ്തുനിഷ്ഠമായും അന്വേഷിച്ച് അനന്തര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പ്രഥമവിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്ത് കേസ്സെടുക്കേണ്ട വസ്തുതകൾ

LIBRARY ARCHIVES Kerala Legislative Assembly

ബോധ്യപ്പെട്ടാൽ ആയതുപ്രകാരവും നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇക്കാര്യത്തിൽ ഭരണകക്ഷിയെന്നോ പ്രതിപക്ഷമെന്നോ ഉള്ള കാര്യങ്ങൾ വിജിലൻസ് നോക്കാറില്ല. ആയതു വിജിലൻസ് ഉദ്യോഗസ്ഥർ പരിഗണിക്കാറില്ല. വസ്തുതകളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിലാണ് വിജിലൻസ് നടപടി സ്വീകരിക്കുന്നത്. നിയമപരമായി വിജിലൻസ് അത്തരം നടപടികൾ എടുക്കുമ്പോൾ മറ്റു പരിഗണനകൾക്ക് യാതൊരു പ്രസക്തിയുമില്ല.

(സി) വിജിലൻസ് അന്വേഷണം നടത്താതിരിക്കുന്ന എന്ന രീതിയിലുള്ള പരാതിയുമായി ആർക്കും കോടതിയെ സമീപിക്കാനുള്ള അവകാശമുണ്ട്. വിജിലൻസ് തങ്ങൾക്ക് ലഭിക്കുന്ന പരാതികളിൽ നിയമപരമായ നടപടി സ്വീകരിക്കാറുണ്ട്. ബാർ കോഴ കേസ്സിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ആവശ്യപ്പെട്ട വസ്തുതകൾ യഥാസമയം കോടതിയെ അറിയിച്ചിട്ടുണ്ട്.

(ഡി) സ്വാഭാവിക നീതിന്യായ പ്രക്രിയയെ ദുർബലപ്പെടുത്തുന്ന ഒരു പ്രവൃത്തിയും നടന്നിട്ടില്ല.

(ഇ & എഫ്) മുൻ പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ശ്രീ. രാഹുൽ ആർ. നായർ, തിരുവനന്തപുരം പോലീസ് ഇൻസ്പെക്ടർ ജനറൽ ശ്രീ.മനോജ് എബ്രഹാം ഐ.പി.എസ്, അഡീഷണൽ പോലീസ് ഡയറക്ടർ ജനറൽ ശ്രീമതി ശ്രീലേഖ, ഐ.പി.എസ്. എന്നിവരുടെ മൊഴികൾ ശ്രീ.രാഹുൽ ആർ. നായർക്കെതിരെ ഉയർന്ന ആരോപണവുമായി ബന്ധപ്പെട്ട് അന്വേഷണ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയിട്ടുണ്ട്. ടി മൊഴികളുടെയും മറ്റു സാക്ഷിമൊഴികൾ, ബന്ധപ്പെട്ട രേഖകൾ എന്നിവയുടെയും അടിസ്ഥാനത്തിലാണ് അന്വേഷണ റിപ്പോർട്ട് സർക്കാരിന് നൽകിയത്. പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ശ്രീ. രാഹുൽ ആർ.നായർ, ഐ.പി.എസ്.-നെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. രാഹുൽ ആർ. നായർക്കെതിരെ വി.സി.5/14-എസ്.ഐ.യു.-I നമ്പരായി ഒരു വിജിലൻസ് കേസ് 17-11-2014-ൽ രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു.

കസ്റ്റഡിയിലെടുത്ത വാഹനങ്ങൾ

259 (261) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലും പരിസരങ്ങളിലും വിവിധ കേസുകളിൽ പിടിച്ചിട്ട വാഹനങ്ങൾ നശിക്കുന്നത് ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly